**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6524** **20-03-2023 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി പ്രകാരം സമർപ്പിച്ച ആധാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച വസ്തുവിന്റെ ആധാരങ്ങൾ തിരികെ നൽകുന്നതിനുവേണ്ടി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്.സ.ഉ. (സാധാ) നം. 13/2020/മ.ഇ.വ. തീയതി 07.01.2020 പ്രകാരം അംഗീകരിച്ചുത്തരവായ പുനർഗേഹം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾ അവരുടെ ഭൂമി പരിത്യജിക്കേണ്ടതുണ്ടായിരുന്നു. എന്നാൽ വിവിധ തലങ്ങളിൽ നിന്നുള്ള ആവശ്യം പരിഗണിച്ച് ഭൂമി ഉടമയുടെ പേരിൽ നിലനിർത്തി കൃഷിയ്ക്ക് ഉപയോഗിക്കാവുന്നതാണ് എന്നും, ഈ സ്ഥലത്ത് യാതൊരു വിധ നിർമ്മാണപ്രവർത്തനവും നടത്തുകയില്ല എന്ന് ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ് എന്നും മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് ആധാരങ്ങൾ തിരികെ നൽകുന്നതിന് ജില്ലാ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം പഞ്ചായത്തിൽ തായാട്ടു പറമ്പിൽ വീട്ടിൽ സതീശൻ പുനർഗേഹം പദ്ധതി പ്രകാരം 10.65 സെന്റ് ഭൂമിയുടെ ആധാരം ഫിഷറീസ് വകുപ്പിന് നൽകിയത് തിരികെ ലഭിക്കുന്നതിനായി എം.എൽ.എ. മുഖാന്തിരം 4.1.2023 ന് വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ; പ്രസ്തുത ആധാരം എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | അപേക്ഷ പരിശോധിച്ച് അടിയന്തിര നടപടി കൈക്കൊള്ളുന്നതിനായി എറണാകുളം ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താവ് പുതുക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരം ഫിഷറീസ് വകുപ്പുമായി കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് ആധാരം തിരികെ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ